## വടകര കോ- ഓപ്പറേററീവ് റൂറൽ ബേങ്ക് ക്ലിപ്തം നമ്പർ എഫ് 1264

## വടകര - 673101

2020 ജനുവരി 10 ാം തീയ്യതി ചേർന്ന ബേങ്ക് ഭരണ സമിതി യോഗത്തിലെ തീരുമാനം

ഹാജർ : പ്രസിഡന്റ് ശ്രീ. എ.ടി. ശ്രീധരൻ മുതൽ 12 പേർ

തീരുമാനം നമ്പർ : XVIII

**"മുററത്തെ മുല്ല" *ലഘു ഗ്രാമീണ വായ്പ പദ്ധതി*** - ഉപനിബന്ധനകൾ

1. പദ്ധതിയുടെ പൊതുവായ നടത്തിപ്പ് സഹകരണ സംഘം റജിസ്ട്രാരുടെ 22/06/2018 ലെ 33/2018 ാം നമ്പർ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും.
2. ബേങ്ക് പ്രവർത്തന പരിധിയായ വടകര താലൂക്കിലെ അഴിയൂർ പഞ്ചായത്ത് (അഴിയൂർ വില്ലേജ്) ഒഞ്ചിയം പഞ്ചായത്ത് (ഒഞ്ചിയം, ഊരാളുങ്കൽ വില്ലേജുകൾ), ചോറോട് പഞ്ചായത്ത് (മുട്ടുങ്ങൽ, ചോറോട്, വൈക്കിലശ്ശേരി വില്ലേജുകൾ), വടകര മുനിസിപ്പാലിററി (വടകര, പുതുപ്പണം, നടക്കുതാഴ വില്ലേജുകൾ), ഏറാമല പഞ്ചായത്തിൽപ്പെട്ട പഴയ കാർത്തികപ്പള്ളി വില്ലേജ്, ആയഞ്ചേരി പഞ്ചായത്തിൽപ്പെട്ട പഴയ പൊന്മേരി പറമ്പിൽ വില്ലേജ്, തിരുവള്ളൂർ പഞ്ചായത്തിപ്പെട്ട പഴയ ചെമ്മരത്തൂർ വില്ലേജ്, വില്യാപ്പള്ളി പഞ്ചായത്ത് (മേമുണ്ട, വില്യാപ്പള്ളി വില്ലേജുകൾ) എന്നീ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.
3. ഗ്രാമീണ ജനവിഭാഗങ്ങളെ വട്ടിപ്പലിശക്കാരിൽ നിന്നും, സ്വകാര്യ മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുകയാണ് **മുററത്തെ മുല്ല** ലഘു ഗ്രാമീണ വായ്പാ പദ്ധതിയുടെ ലക്ഷ്യം.
4. ഗ്രാമീണ ജനങ്ങൾ തമ്മിലുള്ള പരസ്പര സ്നേഹവും വിശ്വാസവും അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ബേങ്കിംഗ് സംവിധാനത്തിന്റെ ( Relationship Banking ) സൗകര്യം സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുടെ വീട്ടുമുററത്തെത്തിക്കുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.
5. ബേങ്ക് പ്രവർത്തന പരിധിയിലെ ഓരോ വാർഡിലും പരമാവധി മൂന്ന് കുടുംബശ്രീയൂണിററുകളെയാണ് **മുററത്തെ മുല്ല** ലഘു ഗ്രാമീണവായ്പാ പദ്ധതിയുടെ നടത്തിപ്പിന് ബേങ്കിന്റെ ഏജന്റുമാർ എന്ന നിലയിൽ ചുമതല ഏൽപ്പിക്കുന്നത്.
6. ഓരോ വാർഡിലെയും ആവശ്യകാർക്ക് 1000/ രൂപ മുതൽ 50000/- രൂപ വരെ ലളിതമായ നടപടി ക്രമങ്ങളിലൂടെ വായ്പ നൽകുന്നതാണ് പദ്ധതി.
7. മികച്ച രീതിയിൽ പ്രവർത്തിക്കുന്നതും ബേങ്കിൽ നിന്നും എടുത്ത വായ്പ കൃത്യമായി കുടിശ്ശിക ഇല്ലാതെ തിരിച്ചടവ് നടത്തുന്നതുമായ കുടുംബശ്രീ യൂണിററുകളെ മാത്രമെ പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി തിരഞ്ഞെടുക്കുകയുള്ളൂ.
8. പ്രത്യേക ഈടൊന്നും (Security )കൂടാതെയാണ് വായ്പാ വിതരണം നടത്തുന്നത്. വായ്പക്കാരൻ കുടുംബശ്രീ യൂണിററിന് ഒപ്പിട്ടു നൽകുന്ന പ്രോമിസറി നോട്ട് ആണ് വായ്പയുടെ ഈട്. ആവശ്യമെന്ന് കണ്ടാൽ കുടിശ്ശിക വായ്പക്കാരുടെ പേരിൽ ഈ പ്രോമിസറി നോട്ട് ഉപയോഗിച്ച് കുടുംബശ്രീ യൂണിററുകൾക്ക് ബേങ്കിന്റെ സഹായത്തോടെ നിയമ നടപടികളും സ്വീകരിക്കാവുന്നതാണ്.
9. തിരഞ്ഞെടുക്കപ്പെടുന്ന കുടുംബശ്രീ യൂണിററുകൾക്ക് ബേങ്കിൽ നിന്നും 9 % പലിശ നിരക്കിൽ 10 ലക്ഷം രൂപ ക്യാഷ് ക്രഡിററ് വായ്പ അനുവദിക്കുന്നതാണ്. ഈ സംഖ്യ ഉപയോഗിച്ചാണ് കുടുംബശ്രീ യൂണിററുകൾ അതാത് വാർഡിൽ വായ്പാ വിതരണം നടത്തേണ്ടത്.

// ശരിപ്പകർപ്പ് //

പ്രസിഡണ്ട് ഡയറക്ടർ ഡയറക്ടർ സിക്രട്ടറി

10. മുററത്തെ മുല്ല വായ്പ ചുമതലയുള്ള കുടുംബശ്രീ യൂണിററിലെ അംഗങ്ങൾക്കോ അവരുടെ അടുത്ത ബന്ധുക്കൾക്കോ വായ്പ നൽകുന്നതിനോ മററ് യാതൊരാവശ്യങ്ങൾക്കോ ഈ തുക ഉപയോഗിക്കാൻ പാടുള്ളതല്ല.

11. 12 % പലിശനിരക്കിലായിരിക്കും ഇപ്രകാരം ലഘു വായ്പ നൽകുന്നത്. കൂടാതെ കുടുബശ്രീ യൂണിററുകൾക്ക് പദ്ധതി നടത്തിപ്പ് ചെലവിലേക്ക് 5000/- രൂപവരെയുള്ള വായ്പകൾക്ക് 50 രൂപയും അതിനു മുകളിലുള്ള വായ്പകൾക്ക് 100 രൂപയും ഒരു വർഷത്തിൽ വായ്പക്കാരിൽ നിന്നും ഈടാക്കുന്നതാണ്.

12. പലിശ നിരക്കിലെ വ്യത്യാസമായ 3 % വും കൈകാര്യച്ചെലവും പദ്ധതി നടത്തിപ്പിന്റെ പ്രതിഫലം എന്ന നിലയിൽ കുടുംബശ്രീ യൂണിററുകൾക്ക് അവകാശപ്പെട്ടതാണ്. പലിശയിലുള്ള മാർജിൻ കൈകാര്യച്ചെലവ് വഴിയുള്ള വരുമാനം എന്നിവയുടെ വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ അതാത് കുടുംബശ്രീ യൂണിററുകൾക്ക് തീരുമാനിക്കാവുന്നതാണ്. കുടുംബശ്രീ യൂണിററിന് പൊതുവായോ പദ്ധതി നടത്തിപ്പിന് വേണ്ടി പ്രത്യേകം ചുമതലപ്പെടുത്തുന്ന അംഗങ്ങൾക്കോ ഈ തുക വീതിച്ചു നൽകാവുന്നതാണ്.

13. പ്രതിവാര / പ്രതിമാസ ഗഡുക്കളായി തിരിച്ചടക്കേണ്ട വായ്പകളാണ് ഈ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്.

14. ഓരോ വായ്പയുടെയും തിരിച്ചടവ് വായ്പ നൽകുന്ന കുടുംബശ്രീ യൂണിററിന്റെ ചുമതലയും ഉത്തരവാദിത്തവും ആയിരിക്കും. വായ്പ വിതരണം, തിരിച്ചടവ് എന്നിവയുമായി ബന്ധപ്പെട്ട മുഴുവൻ കണക്കുകളും കൃത്യമായി കുടുംബശ്രീ യൂണിററുകൾ എഴുതി സൂക്ഷിക്കേണ്ടതുമാണ്

15. ബേങ്കിൽ നിന്ന് കുടുംബശ്രീ യൂണിററുകൾക്കനുവദിക്കുന്ന ക്യാഷ് ക്രഡിററിൽ നിന്ന് പിൻ വലിച്ച തുകയും, കുടുംബശ്രീ യൂണിററ് പ്രദേശവാസികൾക്ക് നൽകിയ വായ്പാതുകയും എല്ലായ്പ്പോഴും തുല്ല്യമായിരിക്കേണ്ടതാണ്. എല്ലാ തിങ്കളാഴ്ച്ചകളിലും ബേങ്കിൽ നിന്ന് പിൻവലിച്ച സംഖ്യയും, വായ്പാവിതരണം നടത്തിയ സംഖ്യയും തുലനം ചെയ്ത് നിശ്ചിതമാതൃകയിലുള്ള സ്റ്റേററ്മെന്റ് കുടുംബശ്രീ യൂണിററുകൾ ബേങ്കിൽ സമർപ്പിക്കേണ്ടതാണ്.

16. വായ്പാവിതരണം, തിരിച്ചടവ് എന്നിവ സംബന്ധിച്ച എല്ലാ കണക്കുകളും പരിശോധിക്കുന്നതിന് ബേങ്കിന് പൂർണ്ണ അധികാരമുണ്ടായിരിക്കും. ബേങ്ക് ആവശ്യപ്പെടുന്ന സമയം കണക്കുകൾ ബേങ്കിൽ ഹാജരാക്കുന്നതിനും കുടുംബശ്രീ യൂണിററുകൾ ബാധ്യസ്ഥമായിരിക്കും. .

17. ഒരു വാർഡിൽ ഒന്നിൽ കൂടുതൽ കുടുംബശ്രീ യൂണിററുകളിലൂടെ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഓരോ കുടുംബശ്രീ യൂണിററിനും വീട്ടുനമ്പറുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തനപരിധി നിശ്ചയിച്ചു നൽകേണ്ടതാണ്. ( ഉദാഹരണത്തിന് 210 വീടുകളുള്ള ഒരു വാർഡിൽ വീട്ടു നമ്പർ 1 മുതൽ 70 വരെ ഒരു യൂണിററിനും 71 മുതൽ 140 വരെ മറെറാരു യൂണിററിനും 141 മുതൽ 210 വരെയുള്ള വീടുകൾ മറെറാരു യൂണിററിനും നൽകേണ്ടതാണ്.)

18. ആകെ വരുന്ന വീടുകളുടെ എണ്ണം, ജനസംഖ്യ എന്നിവയുടെ അടിസ്ഥാനത്തിൽ ഇപ്രകാരം കുടുംബശ്രീ യൂണിററുകളെ ചുമതലപ്പെടുത്തേണ്ടതാണ്. വീടുകളുടെ എണ്ണം തുല്ല്യമായിരിക്കണമെന്ന് നിർബന്ധമില്ല. പ്രവർത്തന പരിധി ബേങ്ക് നിശ്ചയിക്കുന്നതാണ്.

19. കുടുംബശ്രീ യൂണിററുകൾ പിരിച്ചെടുക്കുന്ന വായ്പാ തിരിച്ചടവ് തുക അതാതു ദിവസങ്ങളിൽ തന്നെ ബന്ധപ്പെട്ട ക്യാഷ് ക്രെഡിററ് അക്കൗണ്ടുകളിലേക്ക് അടവാക്കേണ്ടതാണ്.

20. വായ്പയുടെ വിതരണം കഴിവതും ആവശ്യക്കാരന്റെ വീടുകളിൽ ചെന്ന് നിർവ്വഹിക്കേണ്ടതാണ്. പണമായോ, ക്രോസ്സ് ചെയ്യാത്ത ചെക്ക് മുഖാന്തിരമോ മാത്രം വായ്പ നൽകേണ്ടതാണ്

21. തിരിച്ചറിയൽ രേഖയും പ്രോമിസറി നോട്ടുമല്ലാതെ വായ്പക്കാരിൽ നിന്ന് യാതൊരു വിധ ഈടും ഈ വായ്പാപദ്ധതി പ്രകാരം ആവശ്യപ്പെടാൻ പാടില്ലാത്തതാണ്.

// ശരിപ്പകർപ്പ് //

പ്രസിഡണ്ട് ഡയറക്ടർ ഡയറക്ടർ സിക്രട്ടറി

22. ഏതെങ്കിലും വായ്പ തിരിച്ചടവ് മുടങ്ങി മൂന്ന് മാസത്തിലധികം കുടിശ്ശികയായി കുടുംബശ്രീ യൂണിററുകൾക്ക് വായ്പ പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ അത്തരം കുടിശ്ശിക വായ്പക്കാരെ ബേങ്കിന്റെ നേരിട്ടുള്ള വായ്പക്കാരാക്കി മാററാവുന്നതാണ്.

23. കുടിശ്ശിക വായ്പകൾ ഇപ്രകാരം ബേങ്കിലേക്ക് മാററുന്നതിന് വായ്പക്കാരന്റെ പേരിലോ, അവരുടെ അടുത്ത ബന്ധുക്കളുടെ പേരിലോ ബേങ്കിൽ നിന്ന് പുതിയ വായ്പയെടുത്ത് കുടുംബശ്രീയുമായി വായ്പാകണക്ക് ഭർത്തിയാക്കാവുന്നതാണ്.

24. ഇപ്രകാരം ബേങ്കിലെ നേരിട്ട് വായ്പക്കാരാക്കുന്നത് കുടുംബശ്രീ യൂണിററ് വിതരണം ചെയ്ത ആകെ വായ്പയുടെ 20 % - അധികരിക്കാവുന്നതല്ല.

25. ഈ പദ്ധതിയുടെ നടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ കുടുംബശ്രീ യൂണിററുകൾ വീഴ്ച വരുത്തിയാൽ അത്തരം യൂണിററുകൾക്ക് തുടർന്ന് ക്യാഷ് ക്രെഡിററ് പരിധി പുതുക്കി നൽകുന്നതല്ല.

26. കുടുംബശ്രീ യൂണിററുകളുടെ എല്ലാ പ്രതിവാര യോഗങ്ങളിലും **മുററത്തെ മുല്ല** ഒരു പ്രധാന അജണ്ടയായി ചർച്ച ചെയ്യേണ്ടതും , പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതുമുണ്ട്. ഏതെങ്കിലും തരത്തിലുള്ള പോരായ്മകളോ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ കുടുംബശ്രീ യൂണിററുകൾ യോഗം ചേർന്ന് പരിഹരിക്കേണ്ടതാണ്.

27. പദ്ധതിയുടെ വിജയകരവും കാര്യക്ഷമവുമായ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ബേങ്ക് പ്രസിഡന്റ്, ബേങ്ക് സിക്രട്ടറി, ചുമതലയുള്ള ജീവനക്കാർ, കുടുംബശ്രീ പ്രതിനിധികൾ, ബേങ്ക് ഭരണസമിതി അംഗങ്ങൾ, വാർഡ് മെമ്പർമാർ എന്നിവർ ഉൾപ്പെട്ട ഒരു മോണിററിംഗ് കമ്മിററി രൂപീകരിക്കേണ്ടതും പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതുമാണ്.

// ശരിപ്പകർപ്പ് //

പ്രസിഡണ്ട് ഡയറക്ടർ ഡയറക്ടർ സിക്രട്ടറി